**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1111** **02-02-2026 - ൽ മറുപടിയ്ക്ക്**

**കോലുമാട് ശുദ്ധജല പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ മണലൂർ, വെങ്കിടങ്ങ്, മുല്ലശ്ശേരി, ഏങ്ങണ്ടിയൂർ, ഗുരുവായൂർ മുനിസിപ്പാലിറ്റി അടക്കമുള്ള പ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാനായി വിഭാവനം ചെയ്ത കോലുമാട് ശുദ്ധജല പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ മണലൂർ, വെങ്കിടങ്ങ്, മുല്ലശ്ശേരി, ഏങ്ങണ്ടിയൂർ, ഗുരുവായൂർ മുനിസിപ്പാലിറ്റി ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കോലുമാട് RCB യുടെ നിർമ്മാണം വിഭാവനം ചെയ്തിട്ടുണ്ട്. ഏനാമാക്കൽ റെഗുലേറ്ററിന്റെ താഴെയായി കോലുമാട് പ്രദേശത്ത് ഒരു റെഗുലേറ്റർ/റെഗുലേറ്റർ കം-ബ്രിഡ്ജ് നിർമ്മിച്ച് ഉപ്പുവെള്ളം കടന്നുകയറ്റം തടഞ്ഞ് ശുദ്ധജലം സംഭരിക്കുന്നതാണ് പദ്ധതിയുടെ അടിസ്ഥാന ആശയം.<br><br>എന്നാൽ പ്രാരംഭ സാങ്കേതിക പരിശോധനകളിൽ കോലുമാട് പ്രദേശത്തെ മണ്ണിന്റെ ഘടന, ജലചോർച്ച, ഫൗണ്ടേഷൻ പ്രശ്നങ്ങൾ മുതലായവ കാരണം പ്രസ്തുത പ്രദേശം ഇത്തരമൊരു പദ്ധതിക്ക് അനുയോജ്യമല്ലെന്ന് കണ്ടെത്തിയതിനാൽ ഇപ്പോൾ കോടമുക്ക് പടിയൂർ എന്നീ പ്രദേശങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുമോ എന്നറിയുവാൻ സാങ്കേതിക സാധ്യത പരിശോധന (feasibility study) ഘട്ടത്തിലാണ്. |
| (ബി) | ഇറിഗേഷൻ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | നേരത്തെ ഇറിഗേഷൻ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഇൻവെസ്റ്റിഗേഷൻ & ഡിസൈൻ വിഭാഗവും ചേർന്ന് കോലുമാട് പ്രദേശത്തെ സ്ഥലപരിശോധനകൾ നടത്തി റിപ്പോർട്ടുകൾ സമർപ്പിച്ചിരുന്നു. തുടർന്ന് പ്രസ്തുത പ്രദേശം അനുയോജ്യമല്ലാത്തതിനാൽ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI), പീച്ചി വഴി കോടമുക്ക്, പടിയൂർ പ്രദേശങ്ങളിൽ പ്രാഥമിക മണ്ണ് പരിശോധന (Preliminary Soil Investigation) നടത്തി വരുന്നുണ്ട്. കൂടാതെ ഇറിഗേഷൻ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഇൻവെസ്റ്റിഗേഷൻ & ഡിസൈൻ വിഭാഗവും ചേർന്നും ടി പ്രദേശത്തും |

| | | | |
|---|---|---|---|
| | | | സ്ഥലപരിശോധനകൾ നടത്തിയിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി യാഥാർഥ്യമാക്കാൻ വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി വകുപ്പ് സ്വീകരിച്ച പ്രധാന നടപടികൾ ചുവടെപ്പറയുന്നവയാണ്.<br><br>1. കോലുമാട് പ്രദേശത്ത് വിശദമായ ഇൻവെസ്റ്റിഗേഷനും പഠനങ്ങളും സ്ഥലപരിശോധനകളും ജനപ്രതിനിധികളുമായി കൂടിയാലോചനകളും നടത്തിയതിനു ശേഷം പ്രസ്തുത പ്രദേശത്തു പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സമായ സാങ്കേതിക പ്രശ്നങ്ങൾ തിരിച്ചറിഞ്ഞതിനെ തുടർന്നു. പകരം കോടമുക്ക്, പടിയൂർ എന്നിവിടങ്ങളിൽ റെഗുലേറ്റർ-കം- ബ്രിഡ്ജ്/സ്ലയിസ്-കം-ലോക്ക് എന്നിവയുടെ നിർമ്മാണ സാധ്യത പരിശോധിക്കാൻ തീരുമാനിച്ചു.<br><br>2. ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി വിശദമായ സാങ്കേതിക വിലയിരുത്തൽ നടത്തി.<br><br>3. KERI, പീച്ചി മുഖേന പ്രാഥമിക മണ്ണ് പരിശോധനയും ലാബോറട്ടറി പരിശോധനകളും നടത്തി വരുന്നു.<br><br>4. പരിശോധനാ ഫലങ്ങളുടെ അടിസ്ഥാനത്തിൽ സാധ്യത റിപ്പോർട്ട് (Feasibility Report) തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>പ്രസ്തുത പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചതിനുശേഷമേ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ